## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 734 03/11/2011-ൽ മറുപടിക്ക്.

## 'ചിസ് പ്ലസ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ജോസഫ് വാഴക്കൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) 'ചിസ് പ്ലസ്' പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) ചിസ് പ്ലസ് പദ്ധതി ഇപ്പോൾ നിലവിലുള്ള മൂന്ന് മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായത്തിനു പുറമെ കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമകെയർ എന്നീ മൂന്ന് വിഭാഗങ്ങൾക്കൂടി ഉൾപ്പെടുത്തി വിപുലമാക്കിയിട്ടുണ്ട്. കൂടാതെ റീജണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേനെയും ചിസ് പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ശ്രീചിത്ര മെഡിക്കൽ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിൽക്കൂടി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം പുതിയ ചികിത്സകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ആലോചിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) പുതുതായി ന്യൂറോ, ലിവർ, ആക്സിഡന്റ് ട്രോമാകെയർ എന്നീ ചികിത്സകളാണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ